## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1360** | **30.09.2011-ൽ മറുപടിക്ക്**

### നെൽവിത്തിന് സബ്സിഡി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കർഷകർക്ക് നെൽവിത്ത് സബ്സിഡി നിരക്കിൽ നൽകുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; | എ) | കേന്ദ്രഗവൺമെൻറ് സഹായത്തോടെയുള്ള എം.ഒ.യു.(മാക്രോ മാനേജ്മെന്റ്) നെൽകൃഷി വികസന പദ്ധതി 2011-12 പ്രകാരം സംസ്ഥാന വ്യാപകമായി 2000 ടൺ ഗുണമേൻമയുള്ള നെൽവിത്ത് വിതരണം കിലോഗ്രാമിന് 5 രൂപ സബ്സിഡിയിലും, 5 കിലോ വീതമുള്ള 5000 എണ്ണം പുതിയ വിത്തിനങ്ങളുടെ മിനി കിറ്റുകൾ പൂർണ്ണമായും സബ്സിഡിയിലും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വഴിയും നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) നെൽവിത്തിനും കുമ്മായത്തിനും രാസവളത്തിനും സബ്സിഡി നൽകിക്കൊണ്ട് പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) | കിലോഗ്രാമിന് 5 രൂപ സബ്സിഡിയിൽ നെൽവിത്ത് നൽകുന്നതിനും, കുമ്മായ വിതരണത്തിന് ഹെക്ടറിന് 500 രൂപ സബ്സിഡിയും, മൈക്രോ ന്യൂട്രിയൻറ് ഫെർട്ടിലൈസർ കൊടുക്കുന്നതിന് ഹെക്ടറിന് 500 രൂപ സബ്സിഡിയും നൽകുന്നതിനായി മാക്രോമാനേജ്മെൻറ് പദ്ധതിയിൽ 272.5 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ